**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - 2022 **ഒക്ടോബർ, നവംബർ** മാസങ്ങളിലെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ. ഉ. (സാധാ) നം.8232/2022/ധന** **തീയതി, തിരുവനന്തപുരം, 05.12.2022**

പരാമർശം:- 1. സ. ഉ. (സാധാ) നം.6041/2022/ധന തീയതി:25.08.2022
2. സ. ഉ. (സാധാ) നം.6774/2022/ധന തീയതി:07.10.2022
3. സ. ഉ. (എം.എസ്) നം.133/2022/ധന തീയതി:29.07.2022

**ഉത്തരവ്**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ **670907** ഗുണഭോക്താക്കൾക്ക് **2022 ഒക്ടോബർ** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **1052240700/-രൂപയും**, 672827 ഗുണഭോക്താക്കൾക്ക് **2022 നവംബർ** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **1055388600/-രൂപയും** ഉൾപ്പെടെ ആകെ **2107629300/- രൂപ** ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ **670907** ഗുണഭോക്താക്കൾക്ക് **2022 ഒക്ടോബർ** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **1052240700/- രൂപയും,** 672827 ഗുണഭോക്താക്കൾക്ക് **2022 നവംബർ** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **1055388600/- രൂപയും** ചേർത്ത് ആകെ **2107629300/- രൂപ (ഇരുനൂറ്റി പത്ത് കോടി എഴുപത്തിയാറ് ലക്ഷത്തി ഇരുപത്തിഒൻപതിനായിരത്തി മുന്നൂറ് രൂപ മാത്രം)** അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്/ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി നിർദേശം സമർപ്പിക്കേണ്ടതില്ല.

3. **2022 ഒക്ടോബർ, നവംബർ** മാസങ്ങളിലെ പെൻഷൻ (വാർദ്ധക്യകാല/ റിട്ടയർമെന്റ്) വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. അവശതാ/കുടുംബ/ മറ്റ് പെൻഷൻ , കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല. കഴിഞ്ഞ മാസത്തെ പെൻഷൻ

തുകയിൽ വിതരണം ചെയ്യാത്ത തുക യഥാസമയം തിരിച്ചടച്ചിട്ടില്ലാത്ത പക്ഷം സൂചന (3) -ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും.

4. ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം **2022 ഡിസംബർ** 5 ന് ആരംഭിക്കേണ്ടതും **2022 ഡിസംബർ 15** –നകം വിതരണം പൂർത്തിയാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള **110110801000251 നമ്പർ** (IFS Code KSBK0000101) അക്കൗണ്ടിൽ **2022 ഡിസംബർ** 20 നകം തിരിച്ചടയ്ക്കുന്നുവെന്ന് എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്.

5.കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പെൻഷൻ വിതരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതോടൊപ്പം ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ലിയു.എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(
ഫയൽ നം. E-2090072/എസ്.എഫ്.സി.ബി3/20/ധന)

ഉത്തരവിൻ പ്രകാരം

Haj lovey

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക രൂപയിൽ)

| | ക്ഷേമനിധി ബോർഡ് | ഗുണഭോക്താക്കളുടെ എണ്ണം (2022 ഒക്ടോബർ) | ഗുണഭോക്താക്കളുടെ എണ്ണം (2022 നവംബർ) | 2022 ഒക്ടോബർ മാസത്തേക്ക് അനുവദിക്കേണ്ട തുക | 2022 നവംബർ മാസത്തേക്ക് അനുവദിക്കേണ്ട തുക | **അനുവദിക്കേണ്ട എസ്.റ്റി.എസ്.ബി/ബാങ്ക്, ഐ.എഫ്.എസ്.സി, അക്കൗണ്ട് നമ്പർ** |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 15899 | 16013 | 25438400 | 25620800 | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 254000 | 254000 | 406400000 | 406400000 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 67606 | 69114 | 108169600 | 110582400 | സബ് ട്രഷറി , തൃശൂർ,Special TSB A/c No. 713021400000017 |
| 4 | ക്ഷീര കർഷക പെൻഷൻ* | 57878 | 57579 | 75241400 | 74852700 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 5712 | 5794 | 9139200 | 9270400 | ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 77880 | 77884 | 124608000 | 124614400 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 572 | 574 | 915200 | 918400 | STSB:701011400000114 ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 12807 | 12853 | 16649100 | 16708900 | STSB:799011400007521, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 9 | ചുമട്ടു തൊഴിലാളി | 4746 | 4729 | 7593600 | 7566400 | KLGB0040537, 40537101007480 |
| 10 | ആഭരണ തൊഴിലാളി | 823 | 827 | 1316800 | 1323200 | STSB: 799011400005233, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 11 | ചെറുകിട തോട്ടം തൊഴിലാളി | 712 | 715 | 1139200 | 1144000 | കാനറാ ബാങ്ക് ,കോട്ടയം ,CNRB0001523, 1523132000007 |
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 11050 | 10869 | 17680000 | 17390400 | സബ് ട്രഷറി , അങ്കമാലി, 711090100000664 |
| 13 | ബീഡി & സിഗാർ തൊഴിലാളി** | 3392 | 3404 | 5422200 | 5441400 | കേരള ബാങ്ക് കണ്ണൂർ KSBK0000014, 014120123003026 |
| 14 | തയ്യൽ തൊഴിലാളി | 85500 | 86387 | 136800000 | 138219200 | ഐ സി ഐ സി ഐ ,പട്ടം, ICIC0001177, 117701000668 |
| 15 | കൈത്തറി തൊഴിലാളി | 9075 | 9035 | 14520000 | 14456000 | ജില്ലാ സഹകരണ ബാങ്ക് മെയിൻ ബ്രാഞ്ച് ,കണ്ണൂർ, UTIB0SKDC01, 1001007000326 |
| 16 | കശുവണ്ടി തൊഴിലാളി*** | 63255 | 63050 | 101208000 | 100880000 | എസ് ബി ഐ ബീച്ച് റോഡ് , കൊല്ലം, SBIN0070279, 57005949949 |
| | ആകെ | 670907 | 672827 | 1052240700 | 1055388600 | |
| | ആകെ മൊത്തം തുക | | | 210,76,29,300 | | |

*ഒരു ഗുണഭോക്താവിന് 1,300 രൂപ നിരക്കിൽ

**5 പേർക്ക് 600 രൂപ നിരക്കിൽ

***അവശത പെൻഷൻ വാങ്ങുന്ന 903 പേരെ ഒഴിവാക്കിയിട്ടുള്ള എണ്ണം(ഒക്ടോബർ)

***അവശത പെൻഷൻ വാങ്ങുന്ന 1056 പേരെ ഒഴിവാക്കിയിട്ടുള്ള എണ്ണം(നവംബർ)